**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 451** **20.10.2011 ൽ മറുപടിയ്ക്ക്**

## നികുതി പിരിവ്

**ചോദ്യം** **ഉത്തരം**

**ശ്രീ. ആർ. സെൽവരാജ് :**
**ഡോ. ടി.എം. തോമസ് ഐസക് :**
**ശ്രീ. കെ. സുരേഷ് കുറുപ്പ് :**
**ശ്രീ. പി.റ്റി.എ. റഹീം :**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതി പിരിവ് അതിന്റെ സാദ്ധ്യതക്കനുസൃതമായി ഇപ്പോൾ നടക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. സംസ്ഥാനത്ത് നികുതി പിരിവ് അതിന്റെ സാദ്ധ്യതക്കനുസൃതമായി തന്നെ നടക്കുന്നു എന്നു മാത്രമല്ല കഴിഞ്ഞ 5 മാസങ്ങളിലെ പിരിവ് തലേ വർഷം ഈ കാലയളവിലെ പിരിവിനേക്കാൾ പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി വരുമാനം വേണ്ടെന്നു വച്ചിട്ടും കൂടുതലുണ്ട്. |
| **(ബി)** | എങ്കിൽ നികുതി പിരിവിന്റെ സാദ്ധ്യതയെക്കുറിച്ചും അതിലുണ്ടാകുന്ന കുറവു സംബന്ധിച്ചും നികുതി വകുപ്പ് നടത്തിയ അവലോകനത്തിന്റെ അടിസ്ഥാനത്തിലുള്ള നിഗമനം വിശദമാക്കുമോ ; | **(ബി)** | ചോദ്യം ഉദിക്കുന്നില്ല. |
| **(സി)** | ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ മാസവും നികുതിയിനത്തിൽ പിരിച്ച തുക വ്യക്തമാക്കുമോ ? | **(സി)** | 2011 മേയ് മാസം മുതൽ അഗസ്റ്റ് മാസം വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതിയിനത്തിൽ ലഭിച്ച തുക ഇപ്രകാരമാണ്. |

(ഇത് അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കു പ്രകാരമാണ്.)

| മാസം | സംസ്ഥാനത്തിന്റെ തനത് നികുതിയിനത്തിൽ ലഭിച്ച തുക (കോടിയിൽ) |
|---|---|
| മേയ് 2011 | 2181.09 |
| ജൂൺ 2011 | 2044.74 |
| ജൂലൈ 2011 | 1950.97 |
| ആഗസ്റ്റ് 2011 | 1990.45 |
| **ആകെ** | **8167.25** |

Chandrika

**സെക്ഷൻ ഓഫീസർ**